"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - പലിശ നിർണ്ണയ ഉപസമിതിയിൽ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രതിനിധിയായി അഡ്വ. ജി.ഹരിശങ്കറിനെ നിയമിച്ച് ഉത്തരവാകുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.179/2025/Co-Op തീയതി,തിരുവനന്തപുരം, 11-04-2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം.506/2021/സഹ തീയതി 18.08.2021
2. സ.ഉ.(സാധാ)നം.626/2021/സഹ തീയതി 21.10.2021
3. സ.ഉ.(സാധാ)നം.706/2021/സഹ തീയതി 28.11.2021
4. സഹകരണ സംഘം രജിസ്ട്രാറുടെ 14/02/2025-ലെ ആർ.സി.എസ്/1384/2025-സി.ബി (1) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിരനിക്ഷേപങ്ങൾക്കും നൽകുന്ന വായ്പകൾക്കുമുള്ള പലിശ നിരക്ക് നിശ്ചയിക്കുന്ന പലിശ നിർണ്ണയ ഉപസമിതിയിൽ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രതിനിധിയായി തിരുവനന്തപുരം പ്രാഥമിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ് ആയിരുന്ന ശ്രീ. ഇ.ജി.മോഹനനെ നിയമിച്ച് പരാമർശം (2), (3) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ നിലവിൽ ശ്രീ. ഇ.ജി മോഹനൻ തിരുവനന്തപുരം പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ് സ്ഥാനത്ത് ഇല്ലാത്ത സാഹചര്യത്തിൽ പലിശ നിർണ്ണയ ഉപസമിതിയിൽ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രതിനിധിയായി മറ്റൊരു വ്യക്തിയെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സഹകരണ സംഘം രജിസ്ട്രാർ പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിരനിക്ഷേപങ്ങൾക്കും നൽകുന്ന വായ്പകൾക്കുമുള്ള പലിശ നിരക്ക് പുതുക്കി നിശ്ചയിക്കുന്നത്

സംബന്ധിച്ച പലിശ നിർണ്ണയ ഉപസമിതിയിലെ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രതിനിധിയായി ശ്രീ.ഇ.ജി.മോഹനന് പകരം അഡ്വ. ജി. ഹരിശങ്കർ (ഗോകുലം, പള്ളിക്കൽ ഈസ്റ്റ്, തെക്കേക്കര (പി.ഒ), മാവേലിക്കര, പിൻ -690 107) - നെ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**AJI PHILIP**

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

പലിശ നിർണ്ണയ ഉപസമിതി അംഗങ്ങൾക്ക്

(സഹകരണ സംഘം രജിസ്ട്രാർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ)

കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി(ബി2/249/2020/സഹ)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 11-04-2025 12:59:14

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.